## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *760 — 16.07.2014-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ് പദ്ധതി

**ചോദ്യം**

ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.സി.പി.മുഹമ്മദ്

**മറുപടി**

കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി ലാപ്ടോപ് നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) | എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സ്, മെഡിക്കൽ വിഭാഗത്തിലെ വിവിധ ഡിഗ്രികോഴ്സുകൾ, കമ്പ്യൂട്ടർ അധിഷ്ഠിത ഡിഗ്രി, 3 വർഷ ഡിപ്ലോമ കോഴ്സുകൾ എന്നിവയ്ക്ക് പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രണ്ടാംവർഷ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതി 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പാക്കി വരുന്നു. |
| ബി) | ഏതെല്ലാം തലത്തിലുള്ള വിദ്യാർത്ഥികളാണ് പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകൾ, ഗവേഷണ പഠനം, എം.ഫിൽ, എം.ബി.എ, ബി.എസ്.സി/എം.എസ്.സി കമ്പ്യൂട്ടർ സയൻസ്, ബി.സി.എ, എം.സി.എ, കണ്ണൂർ യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള എം.എ.ട്രൈബൽ സോഷ്യോളജി, പോളിടെക്നിക് (3 വർഷ കമ്പ്യൂട്ടർ കോഴ്സുകൾ) തുടങ്ങിയ കോഴ്സുകളിൽ രണ്ടാംവർഷ പഠനം നടത്തുന്ന പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി വരുന്നത്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര പേർക്ക് അവ വിതരണം ചെയ്തിട്ടുണ്ട്; വിശദമാക്കുമോ; | സി) | 2011-12 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കി വരുന്ന ടി പദ്ധതിയിൽ പ്രസ്തുത വർഷം 128 വിദ്യാർത്ഥികൾക്കും, 2012-13 സാമ്പത്തിക വർഷം 251 വിദ്യാർത്ഥികൾക്കും, 2013-14 സാമ്പത്തിക വർഷം 300 വിദ്യാർത്ഥികൾക്കും ലാപ് ടോപ് വിതരണം ചെയ്തിട്ടുണ്ട്. |
| ഡി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി എല്ലാ വർഷവും അധ്യയനവർഷാരംഭത്തിൽ തന്നെ അർഹരായ വിദ്യാർത്ഥികളുടെ വിശദാംശം ശേഖരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ നടപടിക്രമങ്ങൾ പാലിച്ച് ലാപ് ടോപ്പുകൾ വാങ്ങി വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ